## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 647 29/06/2015-ൽ മറുപടിയ്ക്ക്

## കൈത്താങ്ങ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 'കൈത്താങ്ങ്' എന്ന പദ്ധതിയ്ക്ക് രൂപം നല്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി)<br>&<br>(സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ;<br><br>ഈ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (ബി)<br>&<br>(സി) | സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിനായി 2013-14-ൽ ആരംഭിച്ച പദ്ധതിയാണിത്. പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മാതാപിതാക്കൾ മരിച്ചതോ, ഉപേക്ഷിച്ചതോ ആയ കുട്ടികൾ/ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടുകയും, ജീവിച്ചിരിക്കുന്നയാൾ മനോരോഗിയോ, തളർവാതം, കാൻസർ, റ്റി.ബി. തുടങ്ങിയ മാരകരോഗിയോ ആണെങ്കിൽ അവരുടെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ടി കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്ന വർക്കാണ് ധനസഹായം അനുവദിക്കുന്നത്.<br><br>മാതാപിതാക്കളുടെ ആശ്രയമില്ലാത്ത കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നവർക്കുണ്ടാകുന്ന അധിക സാംപത്തിക ബാധ്യത ഒഴിവാക്കുന്നതിനും, അത്തരം |

| | | | |
|---|---|---|---|
| | | | അഗതികളായ കുട്ടികളെ സംരക്ഷിക്കുന്ന പ്രവൃത്തി പ്രോൽസാഹിപ്പിക്കുകയുമാണ് 'കൈത്താങ്ങ്' എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതുവഴി അനാഥരായ കുട്ടികൾക്ക് ഒരാശ്രയം ലഭ്യമാകുന്നു. അനാഥരായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണ മേറ്റെടുക്കുന്ന രക്ഷിതാക്കൾക്ക് പ്രതിമാസം 1000/- രൂപ ധനസഹായം അനുവദിക്കുന്നു. ടി തുക വ്യവസ്ഥകൾ ഇല്ലാതെ രക്ഷിതാവിന് ടിയാന്റെ സംരക്ഷണയിലുള്ള കുട്ടിയുടെ വിദ്യാഭ്യാസം, ആഹാരം, ചികിത്സ തുടങ്ങിയ ചെലവുകൾക്ക് ഉപയോഗിക്കാവുന്നതാണ്.<br><br>കുട്ടികൾ വളർന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നത് വരെയോ, 18 വയസ്സ് പൂർത്തിയാകുന്നതുവരെയോ ധനസഹായം ടി പദ്ധതി പ്രകാരം നല്കുന്നു. |

**സെക്ഷൻ ഓഫീസർ**